# *Christ's Sacrifice Once for All*

## *(ഒരിക്കലായികഴിച്ച ശരീരയാഗം)*

*''നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു''*

*(എബ്രാ:10:10)*




ഒരിക്കൽ Sunday school വിദ്യാർത്ഥികളോട് അവരുടെ പ്രധാനദ്ധ്യാപകൻ ഒരു ചോദ്യം ചോദിച്ചു നിങ്ങൾ പഠിക്കുന്നത് നല്ല മാർക്ക് വാങ്ങുവാനാണോ, അതോ ദൈവനാമ മഹത്വത്തിനാണോ. കുട്ടികൾ മറുപടി എന്ത് പറയണമെന്ന് അറിയാതെ ഇരുന്നപ്പോൾ ഒരു ബാലൻ മാത്രം പറഞ്ഞു റാങ്ക് ഏതെന്നറിയുവാൻ മറ്റുള്ളവർ ആകാംഷ കാണിക്കുന്നതിനാൽ ആ ചിന്തയോടെയാണ് ഞാൻ പഠിക്കുന്നത്. പഠിക്കുന്നതോ, ജോലി ചെയ്യുന്നതോ ദൈവ നാമ മഹത്വത്തിനാകണം എന്ന് ഞങ്ങൾക്കോ ഞങ്ങളുടെ രക്ഷകർത്താക്കൾക്കോ അറിയുക യില്ലായിരുന്നു. സത്യസന്ധമായ ഈ മറുപടികേട്ട പ്രധാനദ്ധ്യാപകൻ പറഞ്ഞു, കുഞ്ഞേ ! മോൻ പറഞ്ഞത് ശരിയാണ് പലരും അവരുടെ തിരച്ചിലുകൾ സത്യം എന്തെന്നറിയാതെ തന്നെയാണ് നടത്തുന്നത്. ഏത് ചെറിയ കാര്യമായാലും ദൈവീക ആലോചന ചോദിച്ച് പ്രവർത്തിച്ചാൽ വേണ്ടാത്തിടത്ത് എത്തുകയോ, ഒന്നും പ്രവർത്തിക്കുകയോ ചെയ്യാനിടവരു കയില്ല. അദ്ദേഹം പറഞ്ഞത് കുഞ്ഞുങ്ങൾ സന്തോഷത്തോടെ സ്വീകരിച്ചു.

മഹത്വപ്രഭുവായവൻ ലോകജനതയ്ക്കു വേണ്ടി ഒരിക്കലായി ഒരു യാഗം (ശരീരയാ ഗം) നടത്തി അത് എന്തിനായിരുന്നു എന്ന് എബ്രാ:(10:10) വ്യക്തമാക്കുന്നു. നമ്മെ അവൻ വീണ്ടെടുത്തത് തന്റെ വിലയേറിയ നിർദ്ദോഷവും നിഷ്കളങ്കവുമായ രക്തം അവസാന

തുള്ളിവരെ നൽകിയാണ്. ഈ പരമപ്രധാനമായ യാഗത്തെ വർഷത്തിലൊരിക്കൽ ഓർത്താൻ മതി എന്നാണ് പലരുടെയും വിചാരം. വർഷത്തിലൊരിക്കൽ വരുന്ന അവധി ദിവസമോ, ഉത്സവലഹരിയായോ ആഘോഷമാക്കുവാനുള്ളതല്ല, ഒരിക്കലായി നടന്ന ഈ യാഗം ആദ്യനിയമത്തിലെ ലംഘനങ്ങളിൽ നിന്ന് വ്യക്തികളെ വീണ്ടെടുക്കുകയും ''നിത്യാവകാശം'' എന്ന വാഗ്ദത്തം നൽകുകയും ചെയ്യണമെങ്കിൽ പുതിയ ഒരുനിയമം ഉണ്ടായേ പറ്റുകയുള്ളു. ഈ നിയമം ഒരു വിൽപത്രമാണ്. വിൽപത്രം ആർ എഴുതിയോ ആ ആളിന്റെ മരണശേഷമേ അത് പ്രാബല്യത്തിലാകയുള്ളു. നമ്മുടെ പാപ പരിഹാരത്തിനായി അവൻ മരിച്ച ശേഷം മാത്രമേ വിൽപത്രം പ്രാബല്യത്തിൽ  വരുകയുള്ളു. ഒരിക്കലായി ആ യാഗം നടന്നുകഴിഞ്ഞതാണ്. ''ക്രിസ്തുവും അങ്ങനെ തന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ മാത്രം അർപ്പിക്കപ്പെട്ടു. തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷെക്കായി അവൻ പാപം കൂടാതെ രണ്ടാമതും പ്രത്യക്ഷനാകും എന്ന് ഏബ്രായർ (9:28) ൽ കാണുന്നു. അതായത് ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു. അത് പരിശുദ്ധാത്മാവും നമുക്ക് സാക്ഷികരിക്കുന്നു. ഇത് നാം സദാസമയം ഓർക്കേണ്ടകാര്യമാണ്. ആ ഓർമ്മയാണ് പാപത്തിൽ വീഴാതെ നമ്മെ രക്ഷിക്കുന്നത്. എന്നാൽ ഇന്ന് ശിഷ്യന്മാരെപ്പോലെ യേശു പറഞ്ഞ വാക്കുകളെ മറന്ന് ക്രൈസ്തവ സഭകൾ കുരുത്തോലയും , കുരുശിന്റെ വഴിയുമായി വർഷത്തിലൊരിക്കലുള്ള ഒരു ആഘോഷമായി അതിനെ മാറ്റുന്നു.

അത്രയുമേ ചിലർ ഈ യാഗത്തെപ്പറ്റി ഓർക്കുന്നുള്ളു ''.......... അവൻ ഇവിടെ ഇല്ല താൻ പറഞ്ഞതുപോലെ അവൻ ഉയർത്തെഴുന്നേറ്റു'' എന്ന് മത്താ:(28:5-6) വാക്യങ്ങളിൽ കാണുന്നു. ഒഴിഞ്ഞ കല്ലറ ദൂതൻ സ്ത്രീകൾക്ക് കാട്ടിക്കൊടുത്തതാണ്. '' നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്ത് ? എന്ന ചോദ്യം ലൂക്കോ (24:5) ൽ കാണുന്നു. അതേ ! ആ ജീവനുള്ളവനു വേണ്ടിയാണ് മരിച്ചവർക്കുചെയ്യുന്നു എന്ന പേരിൽ പല ഹീനമായ ആചാരങ്ങളും ചെയ്യുന്നത്.

12-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന Frank Morrison എന്ന പത്രപ്രവർത്തകൻ സംശയാലുവായ ഒരു അക്രൈസ്തവനായിരുന്നു. യേശു ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും എല്ലാം സംശയദൃഷ്ടിയോടെ കണ്ടിട്ട് ചരിത്രത്തിലെ ഒരു ഇതിഹാസ കഥാപുരുഷനായി യേശുവിനെ ചിത്രീകരിപ്പാൻ പരിശ്രമിച്ചു, ക്രൂശീകരണവും ഉയർപ്പും അസംഭവ്യമെന്ന് തെളിയിക്കുവാൻ അയാൾ വ്യഗ്രതകാട്ടി. പക്ഷേ അയാൾ അറിഞ്ഞില്ല അസാദ്ധ്യത്തെ സാദ്ധ്യമാക്കുന്നവനാണ് നമ്മുടെ ദൈവമെന്ന്. അതേ ! ഇതു പോലെ ഒഴിഞ്ഞ കല്ലറ തെളിവായിട്ടുണ്ടായിട്ടും വർഷത്തിലൊരിക്കൽ യേശുവിനെ മരിച്ചവരുടെ ഇടയിൽ തിരയുന്നത് ഉത്സവങ്ങ

*ളോടുള്ള താല്പര്യമോ ആദായ ചിന്തയോ ആകാം. എമ്മവുസിലേക്ക് പോയ ശിഷ്യന്മാരെ യേശു വിളിച്ച പേരുകൾ  ഇവരെയും വിളിക്കേണ്ടതാണ്.*

*Read ലൂക്കോ:(24:25-27) യേശു അവർക്ക് സകലതും വ്യാഖ്യാനിച്ചുകൊടുത്തു എന്ന് കാണാം. അപ്പോൾ ഇന്ന് ജനം തെറ്റിൽ വീഴുന്നു എങ്കിൽ വ്യാഖ്യാനിച്ചു കൊടുക്കേണ്ടവർ കൊടുക്കാത്തതാണ് കാരണം.*

*Read എബ്രാ:(10:29,31) മരിച്ചുയർത്ത് ഇന്നും ജീവിക്കുന്നവനെ മരിച്ചവരുടെ ഇടയിൽ തിരയുന്നവരോട് ഓരോ നിമിഷവും അവന്റെ യാഗത്തെ ഓർക്കാത്തവരോട്, യെശയ്യാപ്രവാചകൻ ചോദിച്ച ഒരു ചോദ്യം ആവർത്തിക്കുന്നു "ഒടുക്കം നിങ്ങൾ എന്ത് ചെയ്യും"?*

***Please remember "God is not the God of the dead, but of the living"***


***Santhamma Varghese***

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind